"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - പതിനഞ്ചാം ധനകാര്യ കമ്മീഷൻ ഹെൽത്ത് ഗ്രാന്റ് 2022-23 സ്കീം 1 - കൈപ്പറമ്പ് ഗ്രാമപഞ്ചായത്ത് - കൈപ്പറമ്പ് FWC കെട്ടിട നിർമ്മാണത്തിന് അനുവദിച്ച ഫണ്ട് ഉപയോഗിച്ച് വാർഡ് 5 ൽ മുണ്ടൂർ ആരോഗ്യ ഉപകേന്ദ്രം കെട്ടിടം നിർമ്മിക്കുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡിഎ) വകുപ്പ്**

സ.ഉ.(സാധാ) നം.347/2025/LSGD തീയതി,തിരുവനന്തപുരം, 04-02-2025

---

പരാമർശം:-

1. സ.ഉ.(സാധാ) നം.1625/2023/LSGD; തീയതി 09.08.2023
2. കൈപ്പറമ്പ് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 28.10.2024ലെ SC2-7609/24 നമ്പർ കത്ത്
3. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 26.12.2024ലെ LSGD/PD/37240/2024-DPLA1 നമ്പർ കത്ത്
4. സ.ഉ.(സാധാ) നം.295/2025/LSGD; തീയതി 31.01.2025

**<u>ഉത്തരവ്</u>**

പതിനഞ്ചാം കേന്ദ്ര ധനകാര്യ കമ്മീഷൻ അവാർഡ് പ്രകാരം തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് അനുവദിച്ചിട്ടുള്ള 2022-23 ഹെൽത്ത് ഗ്രാന്റ് വിനിയോഗിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പരാമർശം 1 പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. അത് പ്രകാരം കെട്ടിടങ്ങൾ ഇല്ലാത്ത ആരോഗ്യ സ്ഥാപനങ്ങൾക്ക് കെട്ടിടം നിർമ്മിക്കാൻ സഹായം നൽകുന്ന സ്കീം 1 പ്രകാരം കൈപ്പറമ്പ് ഗ്രാമപഞ്ചായത്തിലെ മുണ്ടൂർ കുടുംബാരോഗ്യ കേന്ദ്രത്തിന് കീഴിലുള്ള കൈപ്പറമ്പ് FWC ക്ക് കെട്ടിടം നിർമ്മിക്കുന്നതിനായി ആദ്യ ഗഡുവായി 27.75 ലക്ഷം രൂപ അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

2. കൈപ്പറമ്പ് സബ്സെന്റർ കെട്ടിടം ഫിറ്റ് ആകയാൽ ടി കെട്ടിടം പുതുക്കി പണിയേണ്ടതിന്റെ ആവശ്യം ഇല്ലാത്തതിനാൽ മേൽ തുക കെട്ടിട നിർമ്മാണത്തിന് ഉപയോഗിക്കുവാൻ സാധ്യമല്ലായെന്ന് എൽ.എസ്.ജി.ഡി അസിസ്റ്റന്റ് എഞ്ചിനീയർ സ്ഥലപരിശോധന നടത്തി പഞ്ചായത്ത് കമ്മറ്റി മുമ്പാകെ ബോധ്യപ്പെടുത്തിയിട്ടുണ്ട് എന്നും, ഈ സാഹചര്യത്തിൽ സ്വന്തമായി കെട്ടിടമില്ലാത്ത മുണ്ടൂർ സബ്സെന്റർ പണിയുവാനായി വാർഡ് 5 ലുള്ള പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ഇൻഡോർ സ്റ്റേഡിയത്തിന്റെ അനുയോജ്യമായ സ്ഥലം കണ്ടെത്തി ഭരണസമിതി തീരുമാനിച്ചിട്ടുള്ളതാണ് എന്നും, 2022-23 ൽ 27.5 ലക്ഷം രൂപയും 2023-24 ൽ 15 ലക്ഷം രൂപയും 2024-25 ൽ 12.5 ലക്ഷം രൂപയും വകയിരുത്തി ആകെ 55.5 ലക്ഷം രൂപയുടെ ബഹുവർഷ പ്രോജക്ട് തയ്യാറാക്കി ഡി.പി.സി. അംഗീകാരം വാങ്ങിയെങ്കിലും സർക്കാർ ഉത്തരവ് ഇല്ലാത്തതിനാൽ 2024-25 വർഷത്തെ പദ്ധതിക്ക്

ഡി.പി.സി. അംഗീകാരം നൽകിയിട്ടില്ല എന്നും, അതിനാൽ കൈപ്പറമ്പ് ഗ്രാമപഞ്ചായത്തിലെ കൈപ്പറമ്പ് സബ്ബ്സെന്റർ നിർമ്മാണത്തിന് വേണ്ടി അനുവദിച്ചിട്ടുള്ള ഫണ്ട്, മുണ്ടൂർ സബ്ബ് സെന്റർ നിർമ്മാണത്തിന് വേണ്ടി അനുവദിച്ച് കൊണ്ടുള്ള സർക്കാർ ഉത്തരവ് ലഭ്യമാക്കണമെന്നും കൈപ്പറമ്പ് ഗ്രാമപഞ്ചായത്ത് സെക്രട്ടറി പരാമർശം 2 പ്രകാരം അഭ്യർത്ഥിച്ചിട്ടുണ്ട്. മുണ്ടൂർ സബ്ബ്സെന്റർ നിർമ്മാണത്തിന് വേണ്ടി ഗ്രാമപഞ്ചായത്ത് അംഗീകരിച്ച് മാറ്റി നിർത്തിയിട്ടുള്ള ഭൂമി ആയതിന് അനുയോജ്യമാണെന്ന് തൃശ്ശൂർ ജില്ല മെഡിക്കൽ ഓഫീസർ (ആരോഗ്യം) സാക്ഷ്യപ്പെടുത്തി അനുയോജ്യത സാക്ഷ്യപത്രം നൽകിയിട്ടുണ്ട്.

3. ഒരേ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെ തന്നെ മറ്റൊരു സബ്സെന്ററിന്റെ നിർമാണത്തിന് തുക അനുവദിക്കുന്ന പക്ഷം പി.എഫ്.എം.എസ് ൽ മറ്റ് ക്രമീകരണങ്ങൾ ആവശ്യമില്ല എന്നും, കേന്ദ്ര സർക്കാരിൽ നിന്നും ഹെൽത്ത് ഗ്രാന്റ് അടുത്ത ഗഡു റിലീസ് ചെയ്യുന്നതിനായി നിലവിൽ അനുവദിച്ചിട്ടുള്ള ഗ്രാന്റിന്റെ വിനിയോഗം 50% ൽ എത്തേണ്ട സാഹചര്യത്തിൽ നിലവിൽ അനുവദിച്ചിട്ടുള്ള ഗ്രാന്റ് വിനിയോഗിക്കുന്നതിനുള്ള സാദ്ധ്യത കൂടി പരിഗണിച്ച്, ഹെൽത്ത് ഗ്രാന്റ് സ്കീം 1 ൽ കൈപ്പറമ്പ് ഗ്രാമപഞ്ചായത്തിലെ കൈപ്പറമ്പ് സബ്സെന്ററിന്റെ നിർമ്മാണത്തിന് അനുവദിച്ചിട്ടുള്ള തുക ഉപയോഗിച്ച് അതേ ഗ്രാമപഞ്ചായത്തിലെ തന്നെ മുണ്ടൂർ സബ്സെന്ററിന്റെ നിർമാണം നടത്തുന്നതിനുള്ള അപേക്ഷയിൽ അനുകൂല നടപടികൾ കൈക്കൊള്ളാവുന്നതാണെന്ന് പ്രിൻസിപ്പൽ ഡയറക്ടർ പരാമർശം 3 പ്രകാരവും ശിപാർശ ചെയ്തിട്ടുണ്ട്.

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം 1 ഉത്തരവ് പ്രകാരം കെട്ടിടങ്ങൾ ഇല്ലാത്ത ആരോഗ്യ സ്ഥാപനങ്ങൾക്ക് കെട്ടിടം നിർമ്മിക്കാൻ സഹായം നൽകുന്ന സ്കീം 1 ന് കീഴിൽ കൈപ്പറമ്പ് ഗ്രാമപഞ്ചായത്തിലെ കൈപ്പറമ്പ് FWC ക്ക് കെട്ടിടം നിർമ്മിക്കുന്നതിനായി അനുവദിച്ച ഫണ്ട്, അതേ ഗ്രാമപഞ്ചായത്തിലെ വാർഡ് 5 ലുള്ള മുണ്ടൂർ സബ്ബ്സെന്റർ പണിയുവാനായി ഉപയോഗിക്കുന്നതിന് കൈപ്പറമ്പ് ഗ്രാമപഞ്ചായത്തിന് അനുമതി നൽകി ഉത്തരവാകുന്നു. പദ്ധതി നിർവഹണത്തിന് പരാമർശം 4 ഉത്തരവ് പ്രകാരമുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

MANOJ T

ജോയിന്റ് സെക്രട്ടറി

1. പ്രസിഡന്റ്/ സെക്രട്ടറി, കൈപ്പറമ്പ് ഗ്രാമപഞ്ചായത്ത്, മുണ്ടൂർ പി.ഒ., തൃശ്ശൂർ - 680541
2. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്
3. ഡയറക്ടർ-റൂറൽ, തദ്ദേശസ്വയംഭരണ വകുപ്പ്
4. ഡയറക്ടർ, ആരോഗ്യ വകുപ്പ്
5. ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്
6. ജില്ലാ ആസൂത്രണ സമിതി അദ്ധ്യക്ഷൻ, തൃശ്ശൂർ
7. എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർ, തൃശ്ശൂർ
8. ജോയിന്റ് ഡയറക്ടർ (തദ്ദേശസ്വയംഭരണ വകുപ്പ്), തൃശ്ശൂർ
9. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
10. ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്
11. ഡയറക്ടർ ജനറൽ, കില

12. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
13. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം
14. വിവര പൊതുജനസമ്പർക്ക (വെബ് &ന്യൂ മീഡിയ) വകുപ്പ്
15. തദ്ദേശ സ്വയംഭരണ (എഫ്.എം.) വകുപ്പ്
16. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Viraj K
Date: 04-02-2025 17:35:40

സെക്ഷൻ ഓഫീസർ

പകർപ്പ്:-

1. ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
2. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എയ്ക്ക്
3. തദ്ദേശ സ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ പി.എയ്ക്ക്